**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4192** **18-07-2022 - ൽ മറുപടിയ്ക്ക്**

**അനന്തരാവകാശ സർട്ടിഫിക്കറ്റിലെ തുക പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തഹസിൽദാർ നൽകുന്ന, തുക പരിധി സാക്ഷ്യപ്പെടുത്തിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് പരിഗണിച്ച് കേരള സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടറേറ്റിന് മരണപ്പെട്ടവരുടെ അനന്തരാവകാശിക്ക് അവകാശപ്പെട്ട നഷ്ടപരിഹാര തുക നൽകാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തഹസിൽദാർ നൽകുന്ന തുക പരിധി സാക്ഷ്യപ്പെടുത്തിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് പരിഗണിച്ച്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നടത്തുന്ന സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI) പദ്ധതിയിൽ നിന്നും അനന്തരാവകാശികൾക്ക് നഷ്ടപരിഹാര തുക നൽകാൻ കഴിയാത്ത പോളിസികളുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള പകരം സംവിധാനം ഏർപ്പെടുത്താൻ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് 25/10/2021-തീയതിയിലെ സ.ഉ(പി).നം. 140/2021/ധന പ്രകാരം പകരം ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. സമാനമായി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ (GPAIS) നിന്നുള്ള ക്ലെയിം തുക അവകാശികൾക്ക് നൽകുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | തുക രേഖപ്പെടുത്താത്ത അനന്തരാവകാശ സർട്ടിഫിക്കറ്റ് തഹസീൽദാർ നൽകുന്നില്ലെന്ന കാരണത്താൽ ക്ലെയിം ലഭിക്കാത്തവർക്ക് ക്ലെയിം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തഹസിൽദാർ നൽകുന്ന തുക പരിധി സാക്ഷ്യപ്പെടുത്തിയ അനന്തരാവകാശ സർട്ടിഫിക്കറ്റ് പരിഗണിച്ച്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നടത്തുന്ന സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI) പദ്ധതിയിൽ നിന്നും അനന്തരാവകാശികൾക്ക് നഷ്ടപരിഹാര തുക നൽകാൻ കഴിയാത്ത പോളിസികളുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള പകരം സംവിധാനം ഏർപ്പെടുത്താൻ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് 25/10/2021-തീയതിയിലെ സ.ഉ(പി).നം. 140/2021/ധന പ്രകാരം പകരം ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സമാനമായി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയിൽ (GPAIS) നിന്നുള്ള ക്ലെയിം തുക അവകാശികൾക്ക് നൽകുന്നതിന് സംസ്ഥാന ഇൻഷുറൻസ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ